LIBRARY ARCHIVES Kerala Legislative Assembly

ബിസിനസ് പ്രോസസിംഗ് ഔട്ട്സോഴ്സിംഗ്

67 [1206] ശ്രീ. വി. ബാലറാം:
,, കെ. ബാബു:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. സി. വേണുഗോപാൽ:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിസിനസ് പ്രോസസിംഗ് ഔട്ട്സോഴ്സിംഗിൽ സംസ്ഥാനത്ത് എത്ര പേർക്ക് തൊഴിൽ കിട്ടിയിട്ടുണ്ട്;

(ബി) മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് ആശാവഹമാണെന്ന് കരുതുന്നുണ്ടോ;

(സി) ഈ യൂണിറ്റുകളിൽ ജോലി ലഭിക്കത്തക്കവണ്ണമുള്ള പരിശീലനം സംസ്ഥാനത്ത് നൽകപ്പെടുന്നുണ്ടോ;

(ഡി) ബിസിനസ് പ്രോസസിംഗ് ഔട്ട്സോഴ്സിംഗിൽ ഏർപ്പെട്ടിട്ടുള്ള എത്ര യൂണിറ്റുകൾ സംസ്ഥാനത്തുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉദ്ദേശം 3,100 പേർക്ക് തൊഴിൽ കിട്ടിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈ യൂണിറ്റുകളിൽ ജോലി ലഭിക്കത്തക്കവണ്ണമുള്ള പരിശീലനം നൽകാൻ ഐ.ടി. മിഷൻ, സർക്കാർ, ബ്രിട്ടീഷ് കൗൺസിൽ എന്നിവരുമായി ചേർന്ന് ട്രെയിനിംഗ് പദ്ധതി നടപ്പാക്കുന്നുണ്ട്. കൂടാതെ സ്വകാര്യ സംരംഭകരുടെ സഹായവും തേടുന്നുണ്ട്.

(ഡി) ഉദ്ദേശം 55 കമ്പനികൾ ബിസിനസ് ഔട്ട്സോഴ്സിംഗിൽ ഏർപ്പെട്ടിട്ടുണ്ട്.

എറണാകുളത്ത് ആരംഭിക്കുന്ന ടെക്നോപാർക്ക്

68 [1207] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് പുതുതായി ടെക്നോപാർക്ക് ആരംഭിക്കുന്നതുമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സോഫ്ട്വെയർ മേഖലയിലുള്ള മൾട്ടിനാഷണൽ കമ്പനികളെ സംസ്ഥാനത്തിന്റെ താല്പര്യത്തിനനുഗുണമായും തദ്ദേശീയ തൊഴിൽരഹിത യുവാക്കൾക്ക് തൊഴിൽ ലഭിക്കത്തക്ക വിധവുമുള്ള വ്യവസായം ആരംഭിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;